ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി

155(855) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതു പദ്ധതികളെയാണ് നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്.14-ൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിലെ ചീക്കോടും സമീപ പ്രദേശങ്ങളിലേക്കുമുള്ള കുടിവെള്ള പദ്ധതിക്ക് 2008-ൽ 8072.27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏറനാട് മണ്ഡലത്തിൽപ്പെട്ട കുഴിമണ്ണ പഞ്ചായത്തിലേക്കും കുടിവെള്ളം ലഭ്യമാകുന്നതാണ്. ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി എടവണ്ണ പഞ്ചായത്തിലെ മഞ്ചേരി തോടിന് കാലിയിറക്കം കണ്ടിൽ ചെക്ക് ഡാം നിർമ്മാണം (45 ലക്ഷം), കീഴുപറമ്പ് പഞ്ചായത്തിലെ ആറാംതോടിന് തേക്കുംതോട്ടം ഭാഗത്ത് വി.സി.ബി. കം ബ്രിഡ്ജ് (37 ലക്ഷം) എന്നി പ്രവൃത്തികളുടെ ശിപാർശ ചീഫ് എഞ്ചിനീയർ (ഐ&എ) നൽകിയിരുന്നുവെങ്കിലും സെക്കൂറൽ അലോക്കേഷൻ തുകയുടെ കുറവുകാരണം നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിൽ അയച്ചുകൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly